# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 6059 — 09.07.2013 ലെ മറുപടിക്ക്

## സർക്കാർ സർവ്വീസിൽ സംവരണ സമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ശശി | | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി | |
| (എ) | സർക്കാർ സർവ്വീസിൽ സംവരണ സമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം നൽകുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇത്തരത്തിൽ ഏറ്റവും അവസാനം പരിശോധന നടന്നതെന്നാണെന്ന് അറിയിക്കുമോ, | (എ) | സർക്കാർ സർവ്വീസിൽ സംവരണ സമുദായങ്ങളായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭരണ ഘടന ഉറപ്പു നൽകുന്ന പ്രാതിനിധ്യം ലഭ്യമാകുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി എല്ലാ വർഷവും ജനുവരി ഒന്ന് അടിസ്ഥാനമാക്കി പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ) വകുപ്പിൽ വാർഷിക അവലോകനം നടത്തുന്നുണ്ട്. കൂടാതെ സർക്കാർ സർവ്വീസിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ നിയമന പുരോഗതി അവലോകനം ചെയ്യുന്നതിന് മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയും നിലവിലുണ്ട്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 15.06.2012-ലാണ് അവസാനമായി യോഗം കൂടി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം നൽകിയിട്ടുണ്ടോ എന്ന് പരിശോധിച്ചത്. |

| | | | |
|---|---|---|---|
| | | | സർക്കാർ സർവ്വീസിലെ മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം സംബന്ധിച്ച് വിശദമായ പരിശോധന നടത്തിയിട്ടില്ല. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നോക്ക ജനവിഭാഗങ്ങളുടെ അവസരങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിന് 02.02.2006-ലെ സ.ഉ. (പി) നം. 08/06/പജപവവിവ പ്രകാരം സർക്കാർ നടപടികൾ സ്വീകരിക്കുകയുണ്ടായി. അതു പ്രകാരം 21.07.2010-ലെ സ.ഉ.(എം.എസ്) നം. 83/2010/ പജപവവിവ അനുസരിച്ച് സർക്കാർ സർവ്വീസിലേയും പൊതു മേഖലാ സ്ഥാപനങ്ങളിലേയും മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം വിലയിരുത്തുന്നതിനായി ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഒരു ഉന്നതാധികാര സമിതി രൂപീകരിച്ചു. 20.08.2011-ലെ സ.ഉ. (എം.എസ്.) നം. 85/2011/പജപവവിവ പ്രകാരം പ്രസ്തുത ഉന്നതാധികാര സമിതി പുന: സംഘടിപ്പിക്കുകയുമുണ്ടായി. |
| (ബി) | പ്രസ്തുത പരിശോധനയിലെ കണ്ടെത്തലുകൾ വിശദീകരിക്കുമോ; | (ബി) | വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ കാലതാമസം ഉണ്ടാകാറുണ്ടെന്നും, റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേക്ക് വിജ്ഞാപനം നടത്തുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ കാലതാമസം |

| | | | |
|---|---|---|---|
| | | | വരുത്തിയിട്ടുണ്ടെന്നും 15.06.2012-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ കണ്ടെത്തിയിരുന്നു. |
| (സി) | ഭരണഘടന ഉറപ്പു നൽകുന്ന തരത്തിലുള്ള ആനുകൂല്യങ്ങൾ നൽകാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അത് ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ? | (സി) | കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ 14-ാം വകുപ്പ് 'എ' ഉപവകുപ്പ് അനുസരിച്ച് സർക്കാർ സർവ്വീസിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി 10% സംവരണം അനുവദിച്ചിട്ടുണ്ട്. ഇതിൽ 8% പട്ടികജാതിക്കാർക്കും 2% പട്ടികവർഗ്ഗക്കാർക്കുമാണ് സംവരണം ചെയ്തിട്ടുള്ളത്. 01.01.2008 അടിസ്ഥാനമാക്കിയുള്ള അവലോകനത്തിൽ സർക്കാർ സർവ്വീസിൽ പട്ടികജാതി വിഭാഗത്തിന് നിർദ്ദിഷ്ട 10% കവിഞ്ഞ് 12.22 ശതമാനം പ്രാതിനിധ്യം ലഭിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. |

Harikumar NB
സെക്ഷൻ ഓഫീസർ